കേരള റീജ്യൻ ലാറ്റിൻ കാത്തലിക് കൗൺസിൽ

(കെആർഎൽസിസി)

# ലത്തീൻ കത്തോലിക്കാദിനം

2024 ഡിസംബർ 15, ഞായർ

**''ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കണം''**
**(യോഹ. 15:12)**

യേശുവിൽ പ്രിയ വൈദികരേ, സന്യസ്തരേ, അല്മായ സഹോദരങ്ങളേ,

തിരുസ്സഭയുടെ പ്രേഷിത പ്രവർത്തനങ്ങളുടെ സ്വർഗ്ഗീയമദ്ധ്യസ്ഥനും, ഇന്ത്യയുടെ ദ്വിതീയ അപ്പസ്തോലനുമായ വിശുദ്ധ ഫ്രാൻസിസ് സ്യേവ്യറിന്റെ തിരുനാൾദിനമായ ഡിസംബർ 3 നു ശേഷം വരുന്ന ഞായറാഴ്ചയാണല്ലോ ലത്തീൻ കത്തോലിക്കാദിനമായി കേരളസഭ ആചരിച്ചു വരുന്നത്. ഈ വർഷത്തെ ലത്തീൻ കത്തോലിക്കാ ദിനം ഡിസംബർ 8 നാണ് വരുന്നതെങ്കിലും അന്ന് പരിശുദ്ധ കന്യകാമറിയത്തിന്റെ അമലോത്ഭവതിരുന്നാൾ പ്രമാണിച്ചുള്ള ആഘോഷങ്ങളുള്ളതിനാൽ തുടർന്നുവരുന്ന ഞായറാഴ്ച (ഡിസംബർ 15)യാണ് സംസ്ഥാനതലത്തിൽ ലത്തീൻ കത്തോലിക്കാദിനം തിരുവനന്തപുരത്തുവച്ച് ആചരിക്കുന്നത്. ഇത്തവണത്തെ ലത്തീൻ ദിനത്തിനു ചില സവിശേഷതകൾ ഉണ്ട്. മഹാജൂബിലി വർഷത്തിന്റെ കവാടത്തിലാണ് ഈ ദിനാചരണം എന്നുള്ളതാണ് ആദ്യത്തെ പ്രത്യേകത. 2025 മഹാജൂബിലി വർഷമായി ആഗോള തിരുസ്സഭ ആചരിക്കുകയാണ്. 2024 ഡിസംബർ 24 നു സെന്റ് പീറ്റേഴ്സ് ബസലിക്കയുടെ പ്രധാന കവാടം തുറന്നുകൊണ്ട് പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പ ജൂബിലി വർഷത്തിന് തുടക്കം കുറിക്കും. 'പ്രത്യാശയുടെ തീർത്ഥാടകർ' എന്നാണ് ജൂബിലി വർഷത്തിന്റെ ആപ്തവാക്യം. നിരവധി പ്രശ്നങ്ങളുടെയും പ്രതിസന്ധികളുടെയും മദ്ധ്യത്തിൽ ഉഴലുന്ന ലത്തീൻ ജനവിഭാഗത്തിന് മഹാജൂബിലിയുടെ ആപ്തവാക്യം സാന്ത്വനവും പ്രചോദനവും പകരും.

ജൂബിലിവർഷത്തിൽ പ്രത്യേക പരിചിന്തനത്തിന് സഹായകരമായ, 'അവൻ നമ്മളെ സ്നേഹിച്ചു' (ഡിലക്സിറ്റ് നോസ്) എന്ന ചാക്രികലേഖനം പരിശുദ്ധ ഫ്രാൻസിസ് പാപ്പ ഒക്ടോബർ 24 നു പ്രസിദ്ധീകരിക്കുകയുണ്ടായി. ഈശോയുടെ തിരുഹൃദയത്തെ സംബന്ധിച്ച് സിസ്റ്റർ മർഗരീത്ത മേരി അലക്കോക്കിനുണ്ടായ ദർശനം തിരുസ്സഭ അംഗീകരിക്കുകയും തിരുഹൃദയഭക്തിക്കു പ്രചാരണം നൽകുകയും ചെയ്തതിന്റെ മുന്നൂറ്റമ്പതാം വാർഷികം പ്രമാണിച്ചാണ് ഈ ചാക്രികലേഖനം പരിശുദ്ധ ഫ്രാൻസിസ് പാപ്പ പ്രസിദ്ധീകരിച്ചിരിക്കുന്നത്. ഈശോയുടെ തിരുഹൃദയത്തെ ഈ ലോകത്തോടുള്ള അവിടത്തെ അനന്തമായ സ്നേഹത്തിന്റെ പ്രതീകമായിട്ടാണ് പാപ്പ വിശേഷിപ്പിക്കുന്നത്. ഈ ആധുനിക കാലത്തും തിരുഹൃദയ ഭക്തി ഏറെ പ്രസക്തമാണെന്നു പാപ്പ വിശദീകരിക്കുന്നു. തിരുഹൃദയ ഭക്തിയുടെ പശ്ചാത്തലത്തിൽ സമകാലിക ലോകത്തിലെ ഓരോ ക്രൈസ്തവ വിശ്വാസിയുടെയും തിരുസ്സഭയുടെയും വിളിയെയും ദൗത്യത്തെയും വിശദീകരിക്കുകയാണ് പാപ്പ ചെയ്തിരിക്കുന്നത്.

ഈ വർഷത്തെ ലത്തീൻ ദിനാചരണത്തിന്റെ മറ്റൊരു സവിശേഷത സിനഡൽ സഭയ്ക്കായുള്ള മെത്രാൻ സിനഡുമായി ബന്ധപ്പെട്ടാണ്. സിനഡൽ സഭയ്ക്കായുള്ള മെത്രാൻ സിനഡിന്റെ ജനറൽ അസംബ്ലിയുടെ സമാപന യോഗം 2024 ഒക്ടോബർ 2 മുതൽ 27 വരെ റോമിൽ നടന്നു.

2021 മുതൽ 2024 വരെ മൂന്ന് വർഷക്കാലം വിവിധ തലങ്ങളിൽ നടന്ന സുദീർഘമായ തയ്യാറെടുപ്പുകൾക്കും ഗൗരവതരമായ പരിചിന്തനങ്ങൾക്കും ശേഷമാണ് സമാപന സമ്മേളനത്തിലെ പ്രഖ്യാപനം ഉണ്ടായിട്ടുള്ളത്. ഈ പ്രഖ്യാപനത്തെ, എല്ലാ മെത്രാൻ സിനഡുകൾക്കും ശേഷം പരിശുദ്ധ പിതാവ് പുറപ്പെടുവിക്കുന്ന അപ്പസ്തോലിക പ്രഖ്യാപനത്തിനു സമാനമായ പ്രാബോധനാധികാരമുള്ള രേഖയായി ഫ്രാൻസിസ് പാപ്പ അംഗീകരിക്കുകയുണ്ടായി. എല്ലാ വിശ്വാസികളും ഒത്തൊരുമയോടും പങ്കാളിത്തത്തോടും കൂടി പ്രേഷിതദൗത്യത്തിൽ പങ്കെടുക്കുന്ന സഭയെയാണ് സിനഡൽ സഭയെന്നു വിശേഷിപ്പിക്കുന്നത്. സിനഡാലിറ്റി അഥവാ സിനഡാത്മകതയെ സിനഡിന്റെ സമാപന ജനറൽ അസംബ്ലി ഒക്ടോബർ 27 നു നടത്തിയ സമാപന പ്രഖ്യാപനത്തിൽ വ്യക്തമായി വ്യാഖ്യാനിക്കുന്നുണ്ട്. ''ലളിതവും സംക്ഷിപ്തവുമായ പദങ്ങളിൽ വിവരിക്കുകയാണെങ്കിൽ, സിനഡാത്മകത എന്നത് ആത്മീയ നവീകരണത്തിന്റെയും ഘടനാപരമായ പരിഷ്കരണത്തിന്റെയും പാതയാണ്. അത് തിരുസ്സഭയെ കൂടുതൽ പങ്കാളിത്തപരവും പ്രേഷിതചൈതന്യം നിറഞ്ഞതുമാകാൻ പ്രാപ്തമാക്കുന്നു. അതുവഴി യേശുവിന്റെ പ്രകാശം പ്രസരിപ്പിച്ചുകൊണ്ട് എല്ലാ പുരുഷന്മാർക്കും സ്ത്രീകൾക്കും ഒപ്പം യാത്രചെയ്യാൻ തിരുസ്സഭയ്ക്കാകുന്നു (സിനഡിന്റെ സമാപന പ്രഖ്യാപനം നമ്പർ 28).

കേരള ലത്തീൻ സഭയുടെ സിനഡാത്മക സഭയിലേക്കുള്ള പ്രധാനപ്പെട്ട ചുവടുവയ്പായിരുന്നു 2002 ൽ നടന്ന കെ.ആർ.എൽ.സി.സിയുടെ രൂപീകരണം. പങ്കാളിത്തം ഏകോപനം ശക്തീകരണം എന്നിവയിലൂടെ കേരള ലത്തീൻസഭയ്ക്ക് കൂടുതൽ കരുത്തോടെ ക്രിസ്തുസാക്ഷ്യം വഹിക്കാനും, ഒരൊറ്റ ജനവിഭാഗമായി മാറി വിശ്വാസികളുടെ സാമൂഹികജീവിതത്തെ കൂടുതൽ മെച്ചപ്പെടുത്താൻ ലക്ഷ്യം വച്ചുകൊണ്ടുള്ള പ്രവർത്തന പരിപാടികളുമായി മുന്നേറാനും കഴിഞ്ഞ രണ്ട് ദശാബ്ദക്കാലംകൊണ്ട് കുറെയൊക്കെ നമുക്ക് സാധിച്ചിട്ടുണ്ട്. എന്നാൽ ഇനിയും ഏറെ മുന്നോട്ട് പോകേണ്ടതായിരിക്കുന്നു. പരിശുദ്ധ ഫ്രാൻസിസ് പാപ്പ ആഹ്വാനം ചെയ്തതുപോലെ ഇടവക, രൂപതാ തലങ്ങൾ മുതൽ സിനഡൽ സഭയെ രൂപപ്പെടുത്താനുള്ള കാര്യക്ഷമവും ഫലപ്രദവുമായ നടപടികൾ ഉണ്ടാകേണ്ടിയിരിക്കുന്നു. അജപാലന സംവിധാനങ്ങളായ ബിസിസി(കുടുംബയൂണിറ്റ്)കൾ, ശുശ്രൂഷാസമിതികൾ എന്നിവ സജീവവും കൂടുതൽ പങ്കാളിത്തപരവുമാക്കണം. കാനോനിക സംവിധാനങ്ങളായ ഇടവകപാസ്റ്ററൽ കൗൺസിലുകളും, ഫിനാൻസ് കമ്മറ്റികളും എല്ലാ ഇടവകകളിലും സ്ഥാപിക്കപ്പെടുകയും സജീവമാക്കുകയും ചെയ്യണം. അതുപോലെ രൂപതാതലത്തിലെ പങ്കാളിത്ത കാനോനിക സംവിധാനങ്ങളെയും കാര്യക്ഷമമാക്കണം.

മതസൗഹാർദ്ദത്തിനും മാനവസാഹോദര്യത്തിനും രാജ്യത്തിനു മുഴുവൻ മാതൃകയായിരുന്നു കേരളം. എന്നാൽ ചില തത്പരകക്ഷികളുടെ കുത്സിതശ്രമങ്ങളുടെ ഫലമായി വിവിധ ജനവിഭാഗങ്ങൾ തമ്മിൽ അകൽച്ചയും സ്പർദ്ധയും രൂപപ്പെട്ടുക്കൊണ്ടിരിക്കുന്ന സാഹചര്യത്തിലൂടെയാണ് സമകാലികകേരളം കടന്നുപോകുന്നത്. മനുഷ്യരുടെയും മതങ്ങളുടെയും സമൂഹങ്ങളുടെയും ഇടയിൽ സാഹോദര്യവും സഹിഷ്ണതയും വളർത്തുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ ഇടവകതലങ്ങൾ മുതൽ ആരംഭിക്കേണ്ടതാണ്. ''സമാധാനം സ്ഥാപിക്കുന്നവർ ഭാഗ്യവാന്മാർ അവർ ദൈവപുത്രന്മാരെന്നു വിളിക്കപ്പെടും'' (മത്താ. 5:9). നമ്മുടെ വിവിധ സംഘടനകൾ ഇക്കാര്യം പ്രധാന പ്രവർത്തനമായി സ്വീകരിക്കേണ്ടതാണ്.

ഒരു ജനാധിപത്യസമൂഹത്തിൽ വിലപേശൽ ശക്തിയുള്ളവരുടെ ആവശ്യങ്ങളാണ് അധികാരികൾ പരിഗണിക്കാറുള്ളത്. സഭാപരമായി ലത്തീൻ കത്തോലിക്കർ സുഘടിതരാണെങ്കിലും ഒരു ജനവിഭാഗമെന്ന നിലയിൽ അസംഘടിതരായി തുടരുന്നു എന്നതാണ് വസ്തുത. ഇതുകൊണ്ടാണ് നിരന്തരമായ അവഗണനയ്ക്ക് വിധേയമായിക്കൊണ്ടിരിക്കുന്നത്. സുഘടിത ജനവിഭാഗമായി മാറി വിലപേശൽ ശക്തി ആർജ്ജിക്കാനുള്ള പദ്ധതിയുടെ ഭാഗമായിട്ടാണ് കഴിഞ്ഞ വർഷം സമാരംഭിച്ച 'ജനജാഗരം' പരിപാടി ഈ വർഷവും തുടരുന്നത്. ഈ വർഷം

ഇടവകതലങ്ങളിലാണ് ജനജാഗരം പരിപാടികൾ നടന്നു വരുന്നത്. **'സമനീതിക്കും അവകാശ സംരക്ഷണത്തിനും'** എന്ന ആപ്തവാക്യവുമായി നടത്തപ്പെടുന്ന ജനജാഗര സമ്മേളനങ്ങളിൽ സജീവമായി പങ്കെടുത്ത് നാം ഒറ്റ ജനവിഭാഗമായി മാറി ഒത്തൊരുമിച്ച് നമ്മുടെ ആവശ്യങ്ങൾ വർദ്ധിത കരുത്തോടെ ഭരണാധികാരികളുടെ സമക്ഷം ഉന്നയിച്ചെങ്കിൽ മാത്രമേ ആവശ്യങ്ങൾ നിറവേറ്റപ്പെടുകയുള്ളു എന്ന കാര്യം വിസ്മരിക്കാതിരിക്കാം.

ഭരണഘടന ഉറപ്പ് നൽകിയിട്ടുള്ള സാമൂഹികനീതി, മതസ്വാതന്ത്ര്യം, ന്യൂനപക്ഷ അവകാശ ങ്ങൾ എന്നിവ നിഹനിക്കപ്പെടുന്ന പല സംഭവങ്ങളും രാജ്യത്തിന്റെ പല ഭാഗത്തും നടക്കുന്നത് തടയാൻ കർശനനടപടികൾ കേന്ദ്രസർക്കാർ സ്വീകരിക്കേണ്ടതാണ്. സർക്കാർ നിയമിച്ച പല കമ്മീഷനുകളുടെ റിപ്പോർട്ടുകളിലും ദലിത് ക്രൈസ്തവർക്ക് പട്ടികജാതി പദവി നൽകണ മെന്ന ശുപാർശ നൽകിയിട്ടുള്ളതാണ്. എന്നാൽ ഇവയൊന്നും പരിഗണിക്കാതെ പുതിയ കമ്മീഷനുകളെ വച്ച് നീട്ടികൊണ്ടു പോകാതെ ദലിത് ക്രൈസ്തവർക്ക് പട്ടികജാതി പദവി എത്രയും വേഗം നൽകേണ്ടതാണ്. സവിശേഷ പൈതൃകമുള്ള മൈക്രോ മൈനോറിറ്റി സമൂഹമായ ആംഗ്ലോ ഇന്ത്യർക്ക് ലോകസഭയിലും, ചില സംസ്ഥാനങ്ങളുടെ നിയമസഭകളിലും ഉണ്ടായിരുന്ന സീറ്റ് സംവരണം പുനഃസ്ഥാപിച്ചു നൽകേണ്ടതാണ്.

ക്രൈസ്തവ ന്യൂനപക്ഷങ്ങളുടെ, വിശിഷ്യാ, ലത്തീൻ കത്തോലിക്കർ, ദലിത് ക്രൈസ്തവർ എന്നിവരുടെ വിദ്യാഭ്യാസ - സാമ്പത്തിക പിന്നാക്കാവസ്ഥ, ക്ഷേമം എന്നിവയെ സംബന്ധിച്ച് പഠിച്ച് പരിഹാരങ്ങൾ നിർദ്ദേശിക്കാനായി നിയമിക്കപ്പെട്ട ജസ്റ്റീസ് ജെ ബി കോശി കമ്മീഷൻ റിപ്പോർട്ട് സർക്കാർ സമക്ഷം സമർപ്പിക്കപ്പെട്ടിട്ട് രണ്ടുവർഷത്തോളമായെങ്കിലും ഇന്നുവരെ പ്രസിദ്ധീകരിച്ചിട്ടില്ലായെന്നത് ഖേദകരമാണ്. എത്രയും വേഗം അത് പ്രസിദ്ധീകരിച്ച് അതിലെ ശുപാർശകൾ സമയബന്ധിതമായി നടപ്പിലാക്കണം.

ലത്തീൻ കത്തോലിക്കർക്ക് സമുദായ സർട്ടിഫിക്കറ്റ് ലഭിക്കാനുള്ള പ്രതിസന്ധി ചിലയിടങ്ങ ളിൽ ഇപ്പോഴും തുടരുന്നുണ്ട്. രൂപതാ മെത്രാന്റെ സാക്ഷ്യപത്രം പരിഗണിക്കാവുന്നതാണെന്ന സർക്കാർ ഉത്തരവ് ചില റവന്യൂ ഉദ്യോഗസ്ഥർ കണക്കിലെടുക്കാതിരിക്കുന്നത് പ്രതിഷേധാർ ഹമാണ്. ഇക്കാര്യത്തിൽ കർശനമായ നിർദ്ദേശം സർക്കാർ അടിയന്തിരമായി നൽകേണ്ടതാണ്.

മരണക്കെണിയായി മാറിയിട്ടുള്ള മുതലപ്പൊഴി മത്സ്യബന്ധന തുറമുഖത്തിന്റെ പ്രഖ്യാപിത നവീകരണം എത്രയും വേഗം പൂർത്തിയാക്കേണ്ടതാണ്. ഇനി അവിടെ ഒരു അപകടമരണം പോലും ഇല്ലാത്ത വിധത്തിൽ അടിയന്തിര സംവിധാനങ്ങളും ഏർപ്പെടുത്തേണ്ടതാണ്.

മുനമ്പം കടപ്പുറത്തെ അറുന്നൂറിലധികം വരുന്ന വീട്ടുകാർ കുടിയിറക്ക് ഭീഷണിയിലാണ്. അവർ നിയമാനുസൃതം വിലകൊടുത്ത് വാങ്ങിയ വസ്തുവിന്റെ ഉടമസ്ഥാവകാശം അന്യായ മായി നിഷേധിക്കപ്പെട്ടിരിക്കുകയാണ്. 2008 ൽ നിയമിക്കപ്പെട്ട ജ. നിസ്സാർ കമ്മീഷന്റെ ഏകപക്ഷീയവും തെറ്റായതുമായ നിർദ്ദേശങ്ങൾ മൂലമാണ് മുനമ്പം കടപ്പുറം നിവാസികൾ പ്രതിസന്ധിയിലായിരിക്കുന്നത്. ഇവരുടെ റവന്യൂ അവകാശങ്ങൾ പുനഃസ്ഥാപിച്ചു കൊടു ക്കാൻ എത്രയും വേഗം ഉചിതമായ നടപടികൾ സംസ്ഥാന സർക്കാർ സ്വീകരിക്കേണ്ടതാണ്.

വയനാട്ടിലെ മുണ്ടകൈ, ചൂരൽമലകളിലുണ്ടായ അസാധാരണമായ ദുരന്തത്തിന്റെ ഇരകളുടെ പുനരധിവാസത്തിനുള്ള നടപടികൾ സർക്കാർ എത്രയും വേഗം പൂർത്തിയാക്കേണ്ടതാണ്. സന്നദ്ധ സാമൂഹിക സംഘടനകളുടെ സഹകരണം ഇക്കാര്യത്തിൽ പരമാവധി ഉപയോഗി ക്കുന്നത് ഉചിതമാണ്.

കേരളത്തിലെ മത്സ്യമേഖലയുടെയും തീരത്തിന്റെയും സംരക്ഷണം, വന്യമൃഗശല്യം ഇല്ലാതാ ക്കി മലയോരമേഖലയുടെ സംരക്ഷണം, തോട്ടം മേഖലയിലെയും കാർഷികമേഖലയിലെയും നിർമാണമേഖലയിലെയും തൊഴിലാളികളുടെ പ്രശ്നപരിഹാരം എന്നിവയ്ക്കായുള്ള സമഗ്ര

പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടിയിരിക്കുന്നു. മറ്റനവധി പ്രശ്നങ്ങളും നാം നേരിടുന്നുണ്ട്. നാം ഒരുമിച്ച് നിന്നു ഒറ്റസ്വരത്തിൽ ഉറക്കെ ആവശ്യപ്പെട്ടാൽ മാത്രമേ ഇവ പരിഹരിക്കപ്പെടുകയുള്ളു.

ലത്തീൻ കത്തോലിക്കാദിനത്തോടനുബന്ധിച്ച് ഡിസംബർ 3-ാം തീയതി നമ്മുടെ എല്ലാ ദേവാലയങ്ങളിലും സ്ഥാപനങ്ങളിലും കെആർഎൽസിസി പതാക ഉയർത്തുകയും കേരള ലത്തീൻ സഭയ്ക്കുവേണ്ടി പ്രത്യേകപ്രാർത്ഥനകൾ നടത്തുകയും വേണം. ഡിസംബർ 8-ാം തീയതി രൂപതാ തലങ്ങളിൽ സാധ്യമാകുന്ന പരിപാടികൾ സംഘടിപ്പിക്കാവുന്നതാണ്. **ഈ വർഷത്തെ ലത്തീൻ കത്തോലിക്കാദിനാചരണത്തിന്റെ സംസ്ഥാനതല പൊതുപരിപാടി ഡിസംബർ 15 ഞായറാഴ്ച തിരുവനന്തപുരം ജനറൽ ഹോസ്പിറ്റൽ ജംഗ്ഷനിലെ സെന്റ് ജോസഫ്സ് ഹയർ സെക്കണ്ടറി സ്കൂളിലാണ് നടത്തുന്നത്. അന്നു രാവിലെ 10.30 ന് പ്രതിനിധി സമ്മേളനവും ഉച്ചകഴിഞ്ഞ് 2 മണിക്ക് കെഎൽസിഎയുടെ മുഖ്യപങ്കാളിത്തത്തോടെ ലത്തീൻ കത്തോലിക്കാദിന പൊതുസമ്മേളനവും** സംഘടിപ്പിക്കപ്പെടുന്നു. പ്രസ്തുത പരിപാടികളിൽ പങ്കെടുത്ത് വിജയിപ്പിക്കുവാൻ നിങ്ങളേവരെയും സ്നേഹപൂർവം ആഹ്വാനം ചെയ്യുന്നു.

കെആർഎൽസിസിയുടെ ദൈനംദിന പ്രവർത്തനങ്ങളെ സഹായിക്കേണ്ടത് ലത്തീൻ കത്തോലിക്കരായ നമ്മുടെയെല്ലാം ഉത്തരവാദിത്വമാണ്. ഇതിലേക്കായി ഡിസംബർ 15 ഞായറാഴ്ചത്തെ സ്തോത്രക്കാഴ്ച എല്ലാ ഇടവകകളിലും സ്ഥാപനങ്ങളിലും സമാഹരിച്ച് 2025 ജനുവരി 31 നകം രൂപതകേന്ദ്രങ്ങൾ വഴി കെആർഎൽസിസി ഓഫീസിലേക്ക് അയക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

നമ്മുടെ ശക്തീകരണപ്രക്രിയയിൽ നമുക്ക് ധീരമായി ഒന്നിച്ചു മുന്നേറാം. നമ്മുടെ സ്വർഗീയ മദ്ധ്യസ്ഥനായ വിശുദ്ധ ഫ്രാൻസിസ് സേവ്യറിന്റെ തിരുനാൾ മംഗളങ്ങളും ലത്തീൻ കത്തോലിക്കാ ദിനത്തിന്റെ എല്ലാ ആശംസകളും നിങ്ങൾക്കേവർക്കും നേർന്നു കൊള്ളുന്നു. ദൈവം നമ്മെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ!.

സ്നേഹപൂർവ്വം
കേരള ലത്തീൻ കത്തോലിക്കാ മെത്രാൻസമിതിക്കുവേണ്ടി,

**† വർഗീസ് ചക്കാലക്കൽ**
പ്രസിഡന്റ്, കെആർഎൽസിസി & കെആർഎൽസിബിസി
കോഴിക്കോട് രൂപതാമെത്രാൻ

**† സെൽവിസ്റ്റർ പൊന്നുമുത്തൻ**
പുനലൂർ രൂപതാമെത്രാൻ

**† സെബാസ്റ്റ്യൻ തെക്കത്തെച്ചേരിൽ**
വൈസ് പ്രസിഡന്റ്, കെആർഎൽസിസി
& കെആർഎൽസിബിസി
വിജയപുരം രൂപതാമെത്രാൻ

**† ക്രിസ്തുദാസ് ആർ.**
സെക്രട്ടറിജനറൽ, കെആർഎൽസിബിസി
തിരുവനന്തപുരം അതിരൂപത സഹായമെത്രാൻ

NB: *ഈ വിജ്ഞാപനം 2024 ഡിസംബർ 1-ാം തീയതി ഞായറാഴ്ച ദിവ്യബലിയോടനുബന്ധിച്ച് വായിക്കുകയോ ഉള്ളടക്കം വിശദീകരിക്കുകയോ ചെയ്യേണ്ടതാണ്.*

**2024 നവംബർ 2, ആലുവ**